# ജി.എച്ച്.എസ്.എസ് പാലപ്പെട്ടി

## ലിറ്റിൽ കൈറ്റ്സ് 2018






# പുതുനാമ്പ്

Digital Magazine

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : വിജയകുമാരി. പി (Head Mistress)

സ്റ്റുഡന്റ് എഡിറ്റർ : ഉവൈസ് വി എ

അംഗങ്ങൾ : ഫസലുറഹിമാൻ (SITC, Kite Master)

: ഗീത പി എസ് (Kite Mistress)

: രാഖി ടി. പി

: ഫാത്തിമ ജസ്ന

: തൻവീർ

: അഫീഫ

## താളുകളിലൂടെ


| | | | |
|---|---|---|---|
| 01. | സോഷ്യൽ മീഡിയ | : | 5 |
| 02. | मेरा प्यारा घर | : | 6 |
| 03. | TIME | : | 7 |
| 04. | മഷിത്തുള്ളി | : | 8 |
| 05. | സൗഹൃദങ്ങൾ | : | 9 |
| 06. | പ്രളയം | : | 10 |
| 07. | ഒരു ഗ്രാമവാസിയുടെ കഥ | : | 11 |
| 08. | ഓർമ്മകൾ | : | 13 |
| 09. | കണ്ണീരിൽ ഒരു കൈത്താങ്ങ് | : | 14 |
| 10. | അമ്മതൻ ദൈന്യം | : | 16 |
| 11. | പെയ്യൊഴിഞ്ഞ കിനാവുകൾ | : | 17 |
| 12. | കൃഷിക്കവിത | : | 18 |
| 13. | ഗണിത ചോദ്യങ്ങൾ | : | 19 |
| 14. | പഴഞ്ചൊല്ലിൽ പതിരില്ല | : | 20 |
| 15. | പഴഞ്ചൊല്ലിലെ മഴ | : | 21 |
| 16. | പാചകക്കുറിപ്പ് | : | 22 |
| 17. | 24 മണിക്കൂറിൽ 22 മണിക്കൂർ ഉറങ്ങുന്നവരും, 2 മണിക്കൂർ ഉറങ്ങുന്നവരും! | : | 23 |
| 18. | ചില നിഗൂഢ വ്യക്തികൾ..! | : | 25 |
| 19. | ഡെത്ത് അഡ്ഡർ:[Death Adder] | : | 28 |
| 20. | ചിത്രങ്ങൾ | : | 30 |
| 21. | നറുങ്ങുകൾ - ചിത്രങ്ങളിലൂടെ | : | 32 |
| 22. | Achievements | : | 44 |
| 23. | നന്ദി | : | 46 |

# സന്ദേശം



പ്രിയമുള്ള വിദ്യാർത്ഥികളെ....,

ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ ഭാഗമായി നമ്മുടെ കുട്ടികൾ ഒരു ഡിജിറ്റൽ മാഗസിൻ ഉണ്ടാക്കുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ കുട്ടികളിൽ അന്തർലീനമായി കിടക്കുന്ന സർഗ്ഗവാസനകളെ വളർത്തുന്നതിനും, പരിപോഷിപ്പിക്കുന്നതിനും, പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിനും ഒരു അപൂർവ്വ അവസരം ലഭിച്ചിരിക്കുകയാണ്. ഇതിനായി നിങ്ങളുടെ എല്ലാ കഴിവുകളും പ്രകടമാക്കാനുള്ള ഈ അവസരം പൂർണ്ണമായും പ്രയോജനപ്പെടുത്തണം. ഈ ഡിജിറ്റൽ യുഗത്തിലും നിങ്ങളിലെ നന്മകൾ ചോർന്നുപോകരുതെന്ന് ഓർമ്മപ്പെടുത്തുന്നതോടൊപ്പം എല്ലാ വിജയാശംസകളും അർപ്പിക്കുന്നു.

സ്നേഹത്തോടെ,

## പി. വിജയകുമാരി
ഹെഡ്മിസ്ട്രസ്സ്

## സോഷ്യൽ മീഡിയ

നാം അനാവശ്യമായി സോഷ്യൽ മീഡിയ ഉപയോഗിക്കുമ്പോൾ നമുക്ക് നമ്മുടെ വിലപ്പെട്ട സമയമാണ് നഷ്ടമാകുന്നത്. സമയം ഒരിക്കലും തിരിച്ചുപിടിക്കാൻ കഴിയാത്ത ഒന്നാണ്. പിന്നെ മറ്റൊരു പ്രശ്നം പണമാണ്. സോഷ്യൽ മീഡിയ ഉപയോഗിക്കണമെങ്കിൽ നെറ്റ് റീചാർജ് ചെയ്യേണ്ടതുണ്ട്. അതുവഴി നമ്മുടെ സമ്പാദ്യത്തിൽ നിന്നും ഒരു സംഖ്യ നഷ്ടമാകുന്നു. സോഷ്യൽ മീഡിയ ഉപയോഗിക്കരുത് എന്നല്ല ഇതിന് അർത്ഥം. സോഷ്യൽ മീഡിയ ഉപയോഗിക്കണം എന്നാൽ അത് അളവിൽ കവിയരുത്. അത് ഉപയോഗിക്കുന്നതിൽ നിയന്ത്രണം വേണം. അധികമായാൽ അമൃതും വിഷം എന്നൊരു ചൊല്ലുണ്ട്. അല്ലെങ്കിൽ നമ്മുടെ ജീവിതം നിരവധി പ്രതിസന്ധികൾ നേരിടേണ്ടി വരും. അതിനാൽ നമ്മുടെ ജീവിതത്തിന് യാതൊരു പ്രതിസന്ധിയും ഉണ്ടാവാതിരിക്കാൻ നമ്മളാണ് ശ്രദ്ധിക്കേണ്ടത്.

മുഷ്രിഫ  എ. എം
9 എ

# मेरा प्यारा घर

यह है मेरा सुंदर घर
यह है मेरा प्यारा घर
बारिश से बचाओ
बिजली से बचाओ
मुझे सुरक्षा करती है
माताजी है मेरा घर
यह है मेरा घर
यह है मेरा सुंदर घर
यह है मेरा प्यारा घर

**ജാസിർ 8 എ**

# TIME

*It's free*

*But it's priceless*

*You can't own it*

*But you can use it*

*You can't keep it*

*But you can spent it*

*Once you have lost it*

*You can never get it back*

Jannath TS
**VIII B**

## മഷിത്തുള്ളി

പുസ്തകത്താളുകൾക്കിടയിൽ
കോറിവരക്കുന്ന പേനക്കും പറയാനുണ്ട്
ഒരു കഥ!!!

പ്രകൃതിയിൽ പിന്നെ
ശലഭങ്ങൾക്കും പറയാനുണ്ട്
ഒരു കഥ!!!

കരയിലേക്ക് എത്തിനോക്കുന്ന
ലോകമെമ്പാടും ഓടിനടക്കുന്ന
കടലിനും പറയാനുണ്ട്
ഒരു കഥ!!!

നഷ്ടസ്വപ്നങ്ങൾ മാത്രം
നൽകുവാൻ വിധിക്കപ്പെട്ട
ജീവിതത്തിനും പറയാനുണ്ട്
ഒരു കഥ!!!

ഹൃദയത്തെ തുടിപ്പിക്കുന്ന
പ്രണയത്തിനും പറയാനുണ്ട്
ഒരു കഥ!!!

മാമരക്കൊമ്പിൽ ഒറ്റക്കിരുന്ന്
തേങ്ങിടുന്ന പക്ഷിക്കും പറയാനുണ്ട്
ഒരു കഥ!!!

ആരുമില്ലാത്ത, ആർക്കോ വേണ്ടി
ജീവിക്കുന്നവർക്കും പറയാനുണ്ട്
ഒരു കഥ!!!

മുഷ്‌രിഫ എ എം (9 എ)

## സൗഹൃദങ്ങൾ

ചില സൗഹൃദങ്ങൾ കൊതുകുകളെ പോലെയാണ്, പാട്ടുംപാടി അടുത്തുവരും തരംകിട്ടിയാൽ ചോര കുടിക്കും.

ചില സൗഹൃദങ്ങൾ ഈച്ചകളെപ്പോലെയാണ്, വല്ല മുറിവും ഉണ്ടാകുമ്പോൾ മാത്രം പറന്നുവരും, രക്തവും ചലവും കുടിക്കും, മുറിവ് വലുതാക്കും.

ചില സൗഹൃദങ്ങൾ കാക്കകളെ പോലെയാണ്, കൗശലക്കാരൻ ആയിരിക്കും, കാത്തിരിക്കും, പൊട്ടുന്നനെ വന്ന് കൊത്തിവലിക്കും.

ചില സൗഹൃദങ്ങൾ മരംകൊത്തികൾ പോലെയാണ്, പറ്റിയ മരത്തിൽ കൊത്തി പഴുത് ഉണ്ടാക്കും, ആ പൊത്തുകളിൽ മറ്റുചിലർ വന്ന് കൂട് വയ്ക്കും.

ചില സൗഹൃദങ്ങൾ ചിത്രശലഭങ്ങളെ പോലെയാണ്, പാറിപ്പറന്നു നടക്കും, കണ്ണിനും മനസ്സിനും കുളിരു പകരും.

**മുഷ്‌രിഫ എ എം (9 എ)**

## പ്രളയം

കുറച്ചുനാളുകൾക്ക് മുമ്പ് കേരളം നേരിട്ട ഒരു മഹാവിപത്ത്ആയിരുന്നു പ്രളയം. ഒരു രാത്രി ഇരുട്ടി വെളുത്തപ്പോഴേക്കും ഒരുപാടുപേർക്ക് എല്ലാം നഷ്ടമായിപ്പോയി. എന്തുചെയ്യണമെന്നറിയാതെ പ്രളയ ഇരകൾ പരക്കം പാഞ്ഞു. എല്ലാം തീരുമെന്ന് ഉറപ്പിച്ചിടത്ത് പകരംനടന്നത് ഒരു അട്ടിമറി ആയിരുന്നു.
ജാതി, മതം, വർണ്ണം, പാർട്ടി തുടങ്ങിയ എല്ലാം തന്നെ മറന്നു കൊണ്ട് ഒരു ജനത മുഴുവൻ ഒന്നിച്ച് പ്രകൃതിയുടെ ഏറ്റവും വലിയ ഒരു വെല്ലുവിളിയെ അതിജീവിച്ചു. അപരിഷ്കൃതർ എന്നു മുദ്രകുത്തിയ മത്സ്യത്തൊഴിലാളികളും, പ്രതികരണശേഷി അറ്റുപോയവരെന്ന് കവി സമൂഹങ്ങൾ വിശേഷിപ്പിച്ച യുവത്വവും എല്ലാം കയ്യും

മെയ്യും മറന്ന് രക്ഷിച്ച ജീവനുകൾ എണ്ണമറ്റതാണ്.
ജീവൻരക്ഷാപ്രവർത്തനങ്ങൾകൊണ്ടും അതിജീവനം കൊണ്ടും അങ്ങനെ ഒരു ചെറിയ സംസ്ഥാനം ലോകത്തിനുമുന്നിൽ വലിയ സ്ഥാനം പിടിച്ചു.

പക്ഷേ ഇതിനൊക്കെപ്പുറമേ, കണ്ണീരടങ്ങാതെ നിരവധി പേർ നമുക്കിടയിലുണ്ട്. ഒരു ജന്മം കൊണ്ട് നേടിയതെല്ലാം നിമിഷനേരംകൊണ്ട് അവസാനിച്ചപ്പോൾ മരിക്കാതെ മരിച്ചവരാണ് പലരും. ഇനിയും ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ ഒരുപാട് ചെയ്യാനുണ്ട്. ഡാമുകൾ തുറന്നുവിട്ടത് പ്രധാനമായും വെള്ളപ്പൊക്കത്തിന് കാരണം. ഡാമുകളുടെ എണ്ണം പരമാവധി കുറച്ച് വികസിത രാജ്യങ്ങളിലേതുപോലെ വൈദ്യുത നിർമ്മാണ രീതികൾ പരമാവധി നടപ്പിലാക്കേണ്ടതാണ്. അതുപോലെ ദുരന്തങ്ങളെ നേരിടാനുള്ള സാമഗ്രികളും സമയവും തയ്യാറാക്കി വയ്ക്കണം .

അബ്ദുറഊഫ് (10 എ)

## ഒരു ഗ്രാമവാസിയുടെ കഥ

ഒരു ഗ്രാമത്തിൽ വളരെ ദരിദ്രനും സൽസ്വഭാവിയുമായ ഒരാൾ താമസിച്ചിരുന്നു. അയാളുടെ വീട് ഒരു ചെറിയ ഓലവീടാണ്. ഒരു റൂം മാത്രം. ഉറക്കവും പാചകവും എല്ലാം ആ റൂമിലായിരുന്നു. ബാത്ത്റൂം ഇല്ല. അയാളുടെ വീടിന്റെ തൊട്ടടുത്ത് തന്നെ വളരെ കോടീശ്വരനും അഹങ്കാരിയുമായ ഒരാളുടെ വീടുണ്ടായിരുന്നു. ഒരിക്കൽ ദരിദ്രന് ഭക്ഷണം കഴിക്കാൻ ഉണ്ടായിരുന്നില്ല. അപ്പോൾ അയാൾ ആ കോടീശ്വരന്റെ അടുത്ത് പോയി ചോദിച്ചു. മുതലാളീ, എനിക്ക് കുറച്ച് ഭക്ഷണം തരുമോ? അപ്പോൾ ആ കോടീശ്വരൻ പറഞ്ഞു, ഇവിടെ ഭക്ഷണമൊന്നുമില്ല. കണ്ടവൻമാർക്ക് ഭക്ഷണം കൊടുക്കാനല്ലല്ലോ ഞാൻ ഇവിടെ

ഇരിക്കുന്നത്. അത് കേട്ടപ്പോൾ ആ ദരിദ്രന് വല്ലാത്ത വിഷമം തോന്നി. അയാൾ റോഡ്സൈഡിൽ ഇരുന്നുകൊണ്ട് പൊട്ടിക്കരഞ്ഞു. അപ്പോൾ ഒരു കുട്ടി അയാളുടെ അടുത്തേക്ക് വന്നു. ആ കുട്ടി ചോദിച്ചു, എന്തിനാണ് മുത്തശ്ശാ ഇങ്ങനെ കരയുന്നത്? അപ്പോൾ ആ ദരിദ്രൻ പറഞ്ഞു മോനേ...., എനിക്ക് മൂന്ന് മക്കളാ.... എന്റെ മൂന്നാമത്തെ കുട്ടിയെ പ്രസവിച്ചപ്പോൾ എന്റെ ഭാര്യ മരിച്ചു പോയി. അപ്പോൾ ഞാൻ വേറെ കല്യാണം കഴിച്ചു. അത് എന്റെ മക്കൾക്ക് സഹിച്ചില്ല. അവർ എന്നെ ഉപേക്ഷിച്ചിട്ട് പോയി. അപ്പോൾ എന്റെ ഭാര്യ എന്നോട് ചോദിച്ചു. ഞാനൊരു കാര്യം ചോദിച്ചാൽ എനിക്ക് സാധിച്ചുതരുമോ? ഞാൻ പറഞ്ഞു, തീർച്ചയായും .ഞാൻ ചോദിച്ചു, എന്താണ് നിനക്ക്ഞാൻ സാധിച്ചു തരേണ്ടത്. അവൾ പറഞ്ഞു "ഈ വീട് എന്റെ പേരിൽ ആക്കണം".

ഞാൻ അതുപോലെ ചെയ്തു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആ വീട് വേറെ ഒരാൾക്ക് വിറ്റ് അവൾ പോയി. ഞാൻ വീട്ടിൽ പോയപ്പോൾ അവിടെ വേറെ കുറെ ആളുകൾ. അയാൾ പറഞ്ഞു, ഇത് ഇപ്പോൾ എന്റെ വീടാണ്. അങ്ങനെ ഞാൻ അവിടെനിന്നും പോയി. ഇപ്പോൾ ഇതാ ഈ ഗതിയിലാണ് മോനെ. അയാളുടെ വിഷമം ആ കുട്ടിക്ക് മനസ്സിലായി. അയാളെ ആ കുട്ടി വീട്ടിലേക്ക് കൊണ്ടുപോയി. വീട്ടിലെത്തിയപ്പോൾ അയാൾ കരയാൻ തുടങ്ങി. എന്താണെന്നോ? അയാളുടെ മക്കളുടെ വീടാണത്. അയാളുടെ മൂത്തമകന്റെ മകനാണ് അയാളെ വീട്ടിലേക്ക് കൊണ്ടു വന്നത്. മക്കളും കരയാൻ തുടങ്ങി. അയാളുടെ മക്കൾ വളരെ ഉന്നതിയിലെത്തി വലിയ ജോലിക്കാരായി. അങ്ങനെ അവർ അച്ഛനേയും വിളിച്ച് വീടിനകത്തേക്കുകയറി. കുറച്ചുദിവസം കഴിഞ്ഞപ്പോൾ അച്ഛൻ അവർക്ക് ഭാരമായി മാറി. അച്ഛനെ വൃദ്ധസദനത്തിൽ കൊണ്ടാക്കി. രണ്ടുവർഷം കഴിഞ്ഞപ്പോൾ അച്ഛൻ മരിച്ചു. അച്ഛൻ മരിച്ചിട്ടും അവർക്ക് ഒരു വിഷമവും ഉണ്ടായിരുന്നില്ല. അവർ പിന്നീട് ആഘോഷിച്ചു.

നാളെ നമ്മുടെ മക്കളും നമ്മളോട് ഇങ്ങനെ കാണിച്ചാൽ...... അവർക്ക് കുറ്റബോധം തോന്നി.

ഷെബീൽ.റ്റി.എസ് (8 എ)

## ഓർമ്മകൾ

ഓർമ്മകൾ ഇലയിൽ വീഴുന്ന മഴത്തുള്ളികളെപ്പോലെയാണ്. ഇലയുടെ അനുവാദമില്ലാതെയാണ് മഴത്തുള്ളികൾ ഇലയിൽ വീഴുന്നത്. ഒരു പക്ഷെ പുറത്ത് നിന്ന് നോക്കിയാൽ ഇലയിൽ നിന്നും കണ്ണുനീർ ഒഴുകുന്ന കാഴ്ച്ചയാണ് നാം കാണുന്നത്. തീർച്ചയായും ഇലകൾ ഒഴുക്കുകയാണ്.

'ഇലകൾ കരഞ്ഞുകൊണ്ടിരിക്കുകയാണ് '

ഇതുപോലെ തന്നെയാണ് സൗഹൃദവും. അനുവാദമില്ലാതെ എന്റെ അരികിലേക്ക് ഒഴുകിവന്ന സുഹൃത്തുക്കൾ, എന്റെ ആത്മമിത്രങ്ങൾ,

എന്റെ ഈ വിദ്യാലയം. മഴത്തുള്ളികൾ ഇലകളിൽ നിന്ന് ഒഴുകുന്നത് പോലെ എന്റെ കണ്ണിൽ നിന്നും ഒഴുകുകയാണ്. എന്റെ ഓർമ്മകൾ ഇനിയും വിതുമ്പിനിൽക്കുന്നു........ നിറകണ്ണുകളോടെ.......

ഉവൈസ് (9 എ)

## കണ്ണീരിൽ ഒരു കൈത്താങ്ങ്

നേരം പുലർന്നു .അവൻ ഉമ്മറത്തെ തൂണിൻമേൽ ചാരിയിരിക്കുന്നു. കാലിൽ ദൃഢമായി ബന്ധിച്ച ചങ്ങല, അവളുടെ പേരാണ് മേരി. ഒരിക്കൽ അവൾ മഞ്ചാടിമനയുടെ അഭിമാനമായിരുന്നു. അവളുടെ സ്നേഹനിധിയായ അപ്പച്ചൻ- അഞ്ചുവർഷം മുമ്പ് അവളെ വിട്ട് മരണത്തിന് കീഴടങ്ങിയിരുന്നു. അതിൽ പിന്നെ അവൾക്ക് മുഴുത്ത ഭ്രാന്തായിരുന്നു. ചികിൽസിച്ച് മാറ്റാൻ പറ്റാത്ത രോഗമായിരുന്നു അത് . മേരിയുടെ അമ്മ കൂലിപ്പണിക്ക് പോയിട്ടായിരുന്നു ആ രണ്ട് വയർ കഴിഞ്ഞിരുന്നത് . അഞ്ച് വർഷം മുമ്പ് ഇതൊന്നുംആയിരുന്നില്ല അവരുടെ ലോകം. ആഡംബരകാറുകളും കുറേ ഷോപ്പുകളും മറ്റ് സൗകര്യങ്ങളും ഉണ്ടായിരുന്നു. ഒരു വലിയ കുടുംബം. മേരിയുടെ അച്ഛൻ ഒരു ബിസിനസ്സുകാരനായിരുന്നു. അയാളുടെ പേരാണ് ജോർജ്ജ് . അദ്ദേഹം മരിച്ചതിൽ പിന്നെ എല്ലാം പോയി. മേരിയുടെ അച്ഛൻ ജീവിച്ചിരിക്കുമ്പോൾ തന്നെ മേരിയുടെ കല്ല്യാണം ഉറപ്പിച്ചതായിരിന്നു. പക്ഷേ അവരുടെ കണ്ണ് മേരിയുടെ സ്വത്തിൽ ആയിരുന്നു. മേരിക്ക് ഒരു ജ്യേഷ്ഠൻ ഉണ്ടായിരുന്നു. അവൻ തന്റെ ഭാര്യയുടെ ബന്ധുക്കളോട് ചേർന്ന് തന്റെ അമ്മയേയും മേരിയേയും തെരുവിലേക്ക് ഇറക്കിവിടുന്നു. സ്വത്തുക്കളെല്ലാം കൈക്കലാക്കുന്നു. ഇതറിഞ്ഞ മേരിയെ കല്ല്യാണം കഴിക്കാൻ പോകുന്നയാൾ അതിൽനിന്നു പിൻമാറി. ഒരു ചെറിയ വീട്ടിൽ അവർ തനിച്ചുജീവിക്കുകയായിരുന്നു. ഇതിനിടക്ക് ആയിരുന്നു യാദൃശ്ചികമായി ജോർജ്ജിന്റെ അടുത്ത സുഹൃത്തായിരുന്ന അഡ്വക്കേറ്റ് ഫിലിപ്പിനെ കണ്ടുമുട്ടുന്നത് .ഫിലിപ്പിന് അവരുടെ അവസ്ഥ കണ്ട് വളരെ വിഷമം തോന്നിയിരുന്നു. ഇതിനെതിരെ ശക്തമായി പ്രതികരിക്കാൻ ഫിലിപ്പ്

തീരുമാനിച്ചു. അയാൾ പോലീസ് സ്റ്റേഷനിൽ കേസ് കൊടുത്തു. കേസ് കോടതിയിൽ എത്തി. ജ്യേഷ്ഠനായ ജോബിക്ക് വേണ്ടി വാദിച്ചിരുന്നത് സുപ്രീം കോടതിയിലെ ഏറ്റവും നല്ല വക്കീൽ ആയ അഡ്വക്കേറ്റ് രാമകൃഷ്ണനമ്പ്യാരായിരുന്നു, മറുപക്ഷത്ത് ഫിലിപ്പും ആയിരുന്നു. അങ്ങനെ കേസ് നിർണ്ണായകമായി. ഫിലിപ്പ് വിജയിക്കുന്നു. ഫിലിപ്പ് അമ്മയോട് ചോദിക്കുന്നു. ഇപ്പോൾ സന്തോഷമായില്ലേ? . അപ്പോൾ അവൾ പറയുന്നു ഇല്ല ,ഞാൻ സ്വത്തിനും പണത്തിനും വേണ്ടിയായിരുന്നില്ല ഇതെല്ലാം ചെയ്തത് . എന്റെ മകനെ സംരക്ഷിക്കാൻ വേണ്ടിയായിരുന്നു. എന്റെ മകൻ അവന്റെ ഭാര്യാ ബന്ധുക്കളോടു ചേർന്ന് വഴിതെറ്റി സഞ്ചരിച്ചിരുന്നു. അത് തടയാനാണ് . ജോബി ഇതെല്ലാം കേട്ടുനിൽക്കുന്നുണ്ടായിരുന്നു. തന്റെ തെറ്റുകൾ മനസ്സിലാക്കിയ ജോബി അമ്മയുടെ കാലിൽ വീണ് മാപ്പ് ചോദിക്കുന്നു. അമ്മ ഫിലിപ്പിനോട് നന്ദി പറയുന്നു. താങ്കൾക്ക് ഇതിന് പ്രത്യുപകാരമായി എന്താണ് വേണ്ടത് . എന്തു തന്നാലാണ് നിങ്ങൾക്ക് സന്തോഷമാകുക. എനിക്ക് ഒന്നുമാത്രം മതി. നിങ്ങളുടെ മകളായ മേരിയെ എന്റെ മകനെക്കൊണ്ട് കല്യാണം കഴിപ്പിക്കണം. അപ്പോൾ അമ്മ പറഞ്ഞു "അതിന് അവൾക്ക് ഭ്രാന്താണ് ".ഈ വിവരം ഞാൻ ജോർജ്ജിനോട് ചോദിക്കുവാൻ പോകുമ്പോഴേക്കും അവളുടെ വിവാഹം നിശ്ചയിച്ചിരുന്നു. അത് കഴിഞ്ഞ് ഞങ്ങൾ യു.എസിൽ ആയിരുന്നു. ഇങ്ങോട്ട് വന്നപ്പോഴാണ് അവളുടെ കല്ല്യാണം മുടങ്ങിയത് ഞാൻ അറിയുന്നത് . എന്റെ മകന് അവളെ വളരെ ഇഷ്ടമാണ് . ഞാൻ അവനോട് എല്ലാ കാര്യവും പറഞ്ഞു. എന്നാലും അവൻ പറയുന്നത് ഞാൻ അവളെ പൊന്നുപോലെ സംരക്ഷിക്കാം എന്നാണ് . ഇതെല്ലാം കേട്ട് അമ്മ പറഞ്ഞു "ഫിലിപ്പ് നിങ്ങൾ എന്നെ ഒരിക്കൽ കൂടി സഹായിച്ചു. ഒരു ജൻമം കൂടി തന്നു. നിങ്ങൾ തന്നെയാണ് എന്റെ ദൈവം.

അബ്ദു റൗഫ് (10 എ)

## അമ്മതൻ ദൈന്യം

സ്നേഹ സന്തോഷവും സ്നേഹ വാത്സല്യവും ഒരുമിച്ചുതന്നു നീ,

തൻെറ വേദനയിൽ പങ്കാളിയായി സ്വന്തം

സന്തോഷം തനിക്കായ് വിട്ടുതന്നു.

ഞങ്ങളെ സ്നേഹിക്കുകയല്ലേ നീ

അമ്മതൻ സൗന്ദര്യം നശിപ്പിക്കുന്ന മനുഷ്യനിൽ

അമ്മതൻ ദൈന്യം ഉറങ്ങുന്നു.

ഹേ മനുഷ്യാ ! ഞാനൊന്ന് ചോദിക്കട്ടെ

നിന്നെ സ്നേഹിക്കുന്ന നിൻെറ അമ്മയെ എന്തിനു ദ്രോഹിക്കുന്നു നീ?

നന്മയുംസൽഗുണ സമ്പന്നതയും ചേർന്ന അമ്മയെ

നശിപ്പിക്കുന്നത് എന്തിനു നീ?

അമ്മതൻ മടിയിലെ സുഖവും അമ്മയുടെ സ്വന്തം

മക്കളെയുമാണ് നീ നശിപ്പിക്കുന്നത്.

നീ കാരണം അമ്മതൻ ദൈന്യം നിത്യം തോറും വർദ്ധിക്കുന്നു

ഉണരുമ്പോൾ കണികാണുന്ന മുഖവും കണ്ണടക്കുമ്പോൾ അമ്മതൻ മുഖവും

ഒരിക്കലും മറക്കില്ല ഞാൻ

നിൻെറ ഉന്മാദം കൊണ്ട് നശിക്കുന്നത് മറ്റാരുമല്ല,
നമ്മുടെ അമ്മയും
അതിനിടയിലെ മനുഷ്യജീവിതവുമാണ്.
അതൊരിക്കലും മറക്കരുതേ....
ഇന്ന് ഈ നിമിഷം
അമ്മതൻ ദൈന്യം വർദ്ധിക്കുന്നു
അമ്മേ..... പ്രകൃതീ..... ഞങ്ങളെ വിട്ടുപോകരുതേ.

ഹഫീഫ (9 ബി)

## പെയ്തൊഴിഞ്ഞ കിനാവുകൾ

തോരാമഴപോലെ  പെയ്തൊഴിഞ്ഞ കിനാവുകൾ
കുത്തിയൊലിച്ചങ്ങ്  മൺമറഞ്ഞ് പോയ്
ദു;ഖത്തിൻ നാളിൽ തോരാമഴയായ് പെയ്ത-
കണ്ണനീർ ഇന്നിപ്പം സാന്ത്വനത്തിൻ
നിറകൈകളാൽ.
മധുരിക്കും ബാല്യത്തിൽ ഓർമ്മകളിന്ന്
വെറുമൊരു ഓർമ്മകൾ തൻ കുടിലിൽ തനിച്ചായ്
കോരിച്ചൊരിയും മഴത്തുള്ളിതൻ
ബാല്യം പെയ്തൊഴിയുമ്പോൾ
കണ്ണനീർ കൊണ്ട് കിനാവുകൾ നെയ്യുന്നതൻ കുടിലിൽ.
ഇടിമിന്നൽപ്പിണർ പോലെ പൊട്ടിയ എൻ കിനാവുകൾ കാറ്റിലങ്ങലയടിച്ച
മൺചിരട്ടയും ഓലപ്പന്തുകളും പെയ്തൊഴിഞ്ഞ
മഴക്കിന്ന് തുല്ല്യമാം എൻ കിനാവുകൾ,പക്ഷേ
മണ്ണടിയാത്ത ഓർമ്മയായ് ഇന്നും എൻ
മനസ്സിൽ ഓർമ്മതൻ മധുര കൂടാരം പണിതു ഞാൻ
മറക്കില്ല മഴയെ, മഴത്തുള്ളിയെ, ഞാൻ നെയ്ത
എൻെറ കിനാവുകൾ മണ്ണടിയും വരെ

ബാല്യം പക്ഷികളെപ്പോലെ പറന്നകന്നപ്പോഴും
തിരിച്ചുവരില്ല എന്നറിഞ്ഞിട്ടും മനസ്സെന്ന
കലവറയിൽ ഞാൻ ഒതുക്കി എൻ കിനാവുകൾ

കൗഫിയ ബി കെ, (10. സി)

## കൃഷിക്കവിത

പൂത്തുമ്പികൾ കൂട്ടമായെത്തി
പുഞ്ചവയലു കൃഷികാണാൻ
ശാരികപ്പെണ്ണു പറഞ്ഞു
നല്ലിളം നെല്ലു കൊറിച്ചോളാൻ

വെയിലത്തു മിന്നുന്ന വെളിനാടൻ
കൊറ്റികൾ താഴെ പറന്നിറങ്ങി

പുഞ്ചകൾ കൊയ്യേണ്ടേ
പുത്തരിയുണ്ണണ്ടേ
മാടം നിറക്കേണ്ടേ
വിത്തും  കൈക്കോട്ടും
പാടുന്ന പക്ഷിയെ വരവേൽക്കേണ്ടേ
*      *      *      *      *      *
പാടവരമ്പെല്ലാം നടവരമ്പായി
ടാറിട്ട റോഡായി
കാറുപോയി

വിത്തും കൈകോട്ടും
നാം തീരെ തൊടാതായി
ഗമയിൽ മറന്നു നാം
പരാജിതരായ്


കൂട്ടരേ മടങ്ങുക
കാലം മറക്കാത്ത
കാരുണ്ണ്യമുള്ളൊരു
വിത്തുപാകാൻ

ആപത്ത് കാലത്ത്
തൈ പത്ത് നട്ടാൽ
നല്ലോരു നാളേയ്ക്കായ്
കൈകോർത്തിടാം


ഫാത്തിമ ജസ്ന (9 എ)

## ഗണിത ചോദ്യങ്ങൾ

Q1) 1 മുതൽ 9 വരെയുള്ള സംഖ്യകൾ എഴുതി പൂർത്തിയാക്കുക. എല്ലാ ഭാഗത്ത് നിന്നു കൂട്ടിയാലും 15 കിട്ടണം. മാത്രമല്ല, വികർണ രീതിയിൽ കൂട്ടിയാലും 15 കിട്ടണം. എഴുതിയ സംഖ്യ പിന്നെ എഴുതാൻ പാടില്ല.



Q2) 1 മുതൽ 8 വരെയുള്ള സംഖ്യകൾ എഴുതി പൂർത്തിയാക്കുക. ഒരു സംഖ്യ എഴുതിയാൽ അതിനടുത്ത് തൊട്ടടുത്ത സംഖ്യ വരാൻ പാടില്ല.



ഉവൈസ് (9 എ)

## പഴഞ്ചൊല്ലിൽ പതിരില്ല

"വിളയറിഞ്ഞ് വളമിടണം"

"പതിരില്ലാത്ത കതിരില്ല"

"വിത്തെടുത്ത് വിരുന്നൂട്ടരുത്"

രണ്ടോ മൂന്നോ വാക്കുകളിൽ ഒതുങ്ങുന്ന ഈ മൊഴിമുത്തുകൾ നുണയുന്തോറും അർത്ഥങ്ങൾ പെരുകിപ്പെരുകി വരുന്നില്ലേ? മധുരം ഒളിപ്പിച്ചുവെച്ച നെല്ലിക്കകൾ പോലെ!

പഴഞ്ചൊല്ലുകൾക്ക് പഴക്കമേഇല്ല. തൊടിയിൽ നിന്ന് അപ്പോൾ പറിച്ചെടുത്ത പാകമായ പച്ചക്കറി പോലെയാണ് അവ ഏതു കാലത്തും തികച്ചും "ഫ്രഷ്". തലമുറകളായി കൈമാറിവന്ന നമ്മുടെ അപൂർവ്വ പഴഞ്ചൊൽ ശേഖരത്തിൽ നിന്നും തിരഞ്ഞെടുത്ത കൃഷിച്ചൊല്ലുകളിലേക്കും അവയുടെ പറഞ്ഞാൽ തീരാത്ത പൊരുളുകളിലേക്കും നമുക്കൊന്ന് എത്തിനോക്കാം.......

ഐശ്വര്യ.കെ.ജെ(8 എ)

## പഴഞ്ചൊല്ലിലെ മഴ

മഴയെയും മണ്ണിനെയും ജീവിതത്തെയും കൂട്ടിയിണക്കുന്ന നൂറുകണക്കിന് ചൊല്ലുകളാണ് നമ്മുടെ ഭാഷയിൽ ഉള്ളത്
അവയിൽ ചിലത് ഇതാ...

- ആയിരം വെയിലാകാം,അര മഴ വയ്യ!
- മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും.
- മഴ നിന്നാലും മരം പെയ്യും
- മകീര്യത്തിൽ മതിമറന്ന് പെയ്യണം മഴ
- ചിങ്ങത്തിലെ മഴ ചിണുങ്ങിച്ചിണുങ്ങി.
- തുലാപ്പത്ത് കഴിഞ്ഞാൽ പിലാപ്പൊത്തിലും കിടക്കാം
- മകരത്തിൽ മഴപെയ്താൽ മണ്ണിനും പാകം
- കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും നെല്ല്
- മീനത്തിൽ മഴ പെയ്താൽ മീനിനും ഇരയില്ല
- തിരുവാതിരയിൽ തിരുതകൃതി
- ഇടവത്തിൽ മഴ ഇടവഴി നീളെ
- മഴപെയ്താൽ പുഴ അറിയും
- അട മഴ വിട്ടാലും ചെടി മഴ വിടില്ല
- മഴവെള്ളപ്പാച്ചിൽ മുറം കൊണ്ട് തടുക്കാമോ?

സമ്പാദനം: ഐശ്വര്യ കെ. ജെ. (8 എ)

## പാചകക്കുറിപ്പ്

# പാൽപ്പായസം

*ആവശ്യമുള്ള സാധനങ്ങൾ* :

പാൽ -2 കപ്പ്

നെയ്യ് -2 ടീ സ്പൂൺ

മുന്തിരി -ആവശ്യത്തിന്

അരി - 1/2 കപ്പ്

പഞ്ചസാര – 2 കപ്പ്

ഏലയ്ക്ക - 4 എണ്ണം

*തയ്യാറാക്കുന്ന വിധം*

ഒരു പാത്രത്തിൽ 2 കപ്പ് പാലെടുത്ത് തിളപ്പിക്കുക.തിളപ്പിച്ചതിനുശേഷം അരി കഴുകി ഇടുക. വെന്തതിനുശേഷം പഞ്ചസാര ചേർത്ത് കുറുകി വരുമ്പോൾ നെയ്യിൽ വറുത്ത മുന്തിരിയും അണ്ടിപ്പരിപ്പും ഏലക്കാപ്പൊടിയും ചേർത്ത് ഇറക്കി വെയ്ക്കുക. പാൽ പായസം തയ്യാർ

മുഷ്‌രിഫ (9 എ)

## 24 മണിക്കൂറിൽ 22 മണിക്കൂർ ഉറങ്ങുന്നവരും,2 മണിക്കൂർ ഉറങ്ങുന്നവരും!

8 മണിക്കൂർ ജോലി 8 മണിക്കൂർ വിനോദം 8 മണിക്കൂർ വിശ്രമം. ഉണർന്നിരിക്കുന്ന ഓരോ രണ്ട് മണിക്കൂറിനും ഒരു മണിക്കൂർ വിശ്രമം എന്ന നിലയിലാണ് മുകളിൽ പറഞ്ഞത്. അതായത് ആയുസ്സിന്റെ മൂന്നിലൊന്ന് ഉറക്കത്തിനായി മാറ്റപ്പെടുന്നു. ജന്തുവിന്റെ വലുപ്പം കൂടുന്നതിനനുസരിച്ച് ഉറക്കത്തിന്റെ ദൈർഘ്യം കുറയും. ജിറാഫാണ് അതിൽ മുന്നിൽ നിൽക്കുന്നത്. ദിവസത്തിൽ വെറും 2 മണിക്കൂർ മാത്രമേ ഉറങ്ങാറുള്ളൂ. പട്ടികയിൽ അവസാനമുള്ള കോവാലകളാവട്ടെ ( ചിത്രം കാണുക)ദിവസത്തിൽ 22 മണിക്കൂറും ഉറങ്ങുന്നവരാണ്. 150-200 ദശലക്ഷം വർഷങ്ങൾക്കു മുൻപ് പരിണമിച്ചുണ്ടായ ജീവികളിലാണ് REM (Rapid Eye Movement) കാണപ്പെടുന്നത്. ഡോൾഫിന് ഇതുണ്ട്. അവർ സ്വപ്നവും കാണുന്നുണ്ടാവും. എക്കിഡ്ന, പ്ലാറ്റിപ്പസ് എന്നീ മോണോട്രീമുകളിലും ഉരഗങ്ങളിലും ഇതിന്റെ സൂചനയില്ല. വില്യം ഡിമെന്റ്, നഥാനിയേൽ ക്ലെയ്റ്റ്മാൻ, യൂജിൻ അസെറിൻസ്കി എന്നിവരാണ് REM അവസ്ഥയിലാണ് സ്വപ്നങ്ങളുണ്ടാകുന്നത് എന്ന് മനസിലാക്കിയത്. ഉറക്കത്തിൽ ഓരോ ഒന്നര മണിക്കൂറിലും REM ഉണ്ടാവുന്നുണ്ടത്രെ. ഉണർന്നിരിക്കുമ്പോൾ കാണപ്പെടുന്ന രാസവസ്തുക്കളിനേക്കാൾ വ്യത്യസ്തമായ രാസവസ്തുക്കളാണ് ഉറക്കത്തിൽ മസ്തിഷ്കത്തിൽ കാണപ്പെടുന്നത്.ഈ സമയത്ത് മസ്തിഷ്കത്തിന്റെ ചില ഭാഗങ്ങൾ ഏറെ പ്രവർത്തനനിരതമായി കാണപ്പെടുന്നു.മസ്തിഷ്കത്തിലുണ്ടാവുന്ന വൈദ്യുതതരംഗങ്ങളിലെ മാറ്റം രേഖപ്പെടുത്തിയാണ് ഉറക്കത്തിന്റെ വിവിധ ഘട്ടങ്ങൾ മനസിലാക്കുന്നത്. ആരോഗ്യമുള്ള ഒരാൾ ഉറക്കത്തിന്റെ അഞ്ച് ഘട്ടങ്ങളിലൂടെയാണ് കടന്നുപോകുന്നത്.അതിനെകുറിച്ച് അടുത്ത പോസ്റ്റിൽ.Vinoj Appukuttan കഴിഞ്ഞ പോസ്റ്റിൽ പറഞ്ഞിരുന്നുവല്ലോ ആരോഗ്യമുള്ള ഒരാൾ ഉറക്കത്തിൽ 5 ഘട്ടങ്ങളിലൂടെ കടന്നുപോകുമെന്ന്.,

😴 പിരിമുറക്കം അയഞ്ഞുവരുന്നതാണ് ഉറക്കത്തിന്റെ തുടക്കം.ഈ സമയത്ത് ശബ്ദവും മറ്റു ബാഹ്യസ്വാധീനങ്ങളും വിസ്മരിക്കപ്പെടും.മസ്തിഷ്കം ആൽഫാ തരംഗങ്ങൾ പുറപ്പെടുവിക്കും.ഒരു നിശ്ചിത കാര്യത്തെക്കുറിച്ചുള്ള ചിന്തയൊക്കെ ഉണ്ടെങ്കിൽ അതൊക്കെ ഇല്ലാതാവും. അന്നത്തെ ദിവസത്തെ അനുഭവങ്ങൾ മനസിലൂടെ കടന്നുവരും.പേശികൾ അയഞ്ഞ് ശരീരതാപനില കുറഞ്ഞ് ഹൃദയമിടിപ്പ് പതുക്കെയാവും.

😴 രണ്ടാം ഘട്ടത്തിൽ 10 മുതൽ 30 മിനിറ്റുവരെയുള്ള സമയത്ത് ഡൽറ്റാ തരംഗങ്ങളാണ്

ഉണ്ടാവുന്നത്.ലഘുതരംഗ നിദ്രാഘട്ടമാണിത്.പേശികൾ ഒന്നുകൂടി അയഞ്ഞ് താപനില വീണ്ടും കുറയും.രോഗപ്രതിരോധ പ്രവർത്തനം തുടങ്ങുന്നു.ഗ്രന്ഥികൾ വളർച്ചാ ഹോർമോണുകൾ പുറപ്പെടുവിക്കും.കുഴപ്പമുള്ള പേശികൾക്ക് രക്തചംക്രമണം കൂടുതലായി പോകും.പൂർണ്ണമായ നിദ്രാ വേളയാണിത്.

😴 മൂന്നാം ഘട്ടത്തിൽ ഉപാപചയനിരക്ക് ഏറ്റവും കുറവാകും.അതിഗാഢനിദ്രയായി. ഉറക്കത്തിന്റെ ഏതു ഘട്ടത്തിലും സംസാരമുണ്ടാവാം.

😴 നാലാം ഘട്ടമെന്നത് ആദ്യത്തെ REM നിദ്രാവേളയിലേക്ക് കടക്കുന്നു.ഉണരാൻ പോകുമ്പോഴുള്ള ഹ്രസ്വതരംഗങ്ങൾ ഉണ്ടാകുന്നു.പേശികൾ പൂർണമായി അയഞ്ഞ് കണ്ണുകൾ ദ്രുതഗതിയിൽ ചലിക്കുന്നു.ശരീരം സ്തംഭനാവസ്ഥയിലാവും.അതുകൊണ്ട് തന്നെ സ്വപ്നത്തിൽ നിന്ന് ഉണരാൻ ശരീരചലനം കൊണ്ട് കഴിയാതാവും.ശ്വാസോച്ഛ്വാസം മാറിമറിഞ്ഞ് ഹൃദയമിടിപ്പും,ജനനേന്ദ്രിയങ്ങളിലേക്കുള്ള രക്തചംക്രമണം എന്നിവ കൂടും. ഉണർന്നിരിക്കുന്ന അവസ്ഥയിൽനിന്ന് REM നിദ്രയിൽ എത്താൻ ഏകദേശം 50 മുതൽ 70 മിനിറ്റ് വരെ സമയമെടുക്കും.പിന്നീടുള്ള ഓരോ 90 മിനിറ്റിലും REM ഉണ്ടാകുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്.രാത്രിയുറക്കത്തിന്റെ ആദ്യപകുതിയിൽ ലഘുതരംഗനിദ്രയാണ് ഉണ്ടാവുക REM വെറും 10 മിനിറ്റ് മാത്രമേ ഉണ്ടാവൂ.രാത്രി കനക്കുന്നതോടെ REM കൂടും.20 മിനിറ്റ് മുതൽ 1 മണിക്കൂർ വരെ REM ഉണ്ടാവാറുണ്ട്.പ്രായപൂർത്തിയായവർ ഉറക്കത്തിന്റെ നാലിലൊന്ന് REM നിദ്രയിൽ ചിലവഴിക്കുന്നു.

😴 അഞ്ചാം ഘട്ടത്തിൽ ഗാഢനിദ്രയും ലഘുനിദ്രയുമാണ്.ഉറക്കത്തിൽ എഴുന്നേറ്റ് നടക്കുന്നത് ലഘുതരംഗനിദ്രാവേളയിലാണ്.ഈ ഘട്ടങ്ങളിൽ ഏതുസമയത്തും സ്വപ്നം കാണാം.അസറ്റൈൽ കൊളൈനാണ് REM നിദ്രയ്ക്കു കാരണമാകുന്നത്.

അനീഷ (8 സി)

# ചില നിഗൂഢ വ്യക്തികൾ..!

**'ദി മാൻ ഫ്രം ടോറഡ് '**

★☆★☆★☆★☆★☆★☆




വർഷം 1954, മാസം ജൂലൈ 24 ,ടോക്കിയോ അന്താരാഷ്ട്ര വിമാനത്താവളത്തിലെ ,ജീവനക്കാർ,അവരവരുടെ വിഭാഗങ്ങളിൽ ,സാധരണ പോലെ ജോലിയിലാണ്, ചൂട് കൂടുതലുള്ള ഒരു ദിനമാണ്, 12.30 നുള്ള എയർ ഫ്രാൻസ് വിമാനം പുറപ്പെടാൻ വേണ്ടി,വഴിയൊരുക്കുന്ന തിരക്കിലാണ്,ചില എയർപോർട്ട് ജീവനക്കാർ.
ഇമിഗ്രേഷൻ വിഭാഗത്തിൽ ,പാസ്പോർട്ടുകൾ ,വെരിഫൈ നടന്നുകൊണ്ടിരിക്കുന്നു,പതിവിലും വീപരിതമായി ആളുകളുടെ തിരക്ക് അന്ന് കുറവായിരുന്നു, ആളുകളുടെ മുഖത്ത് നോക്കാതെ പാസ്പോർട്ടിലേക്ക് ,സ്റ്റാമ്പ് പതിക്കുകയാണ് ഇമിഗ്രേഷൻ ജീവനക്കാരൻ, പെട്ടെന്നാണ് തൻ്റടുക്കൽ നീട്ടിയ ഒരു പാസ്പോർട്ടിലെ രാജ്യത്തിന്റെ പേര് അയാളുടെ കണ്ണിലുടക്കിയത്. 'ടോറഡ്" ഉടൻ തന്നെ ആ പാസ്പോർട്ട് കൊടുത്ത ആളെ അയാൾ ഒന്നു മുഖമുയർത്തി നോക്കി, " സർ എവിടെയാണ് ഈ രാജ്യം"? ജീവനക്കാരന്റെ ചോദ്യത്തിന് മുന്നിൽ, യൂറോപ്യൻ ശൈലിയിലുള്ള ഉടയാടകളണിഞ്ഞ അയാൾ -"എന്താണ് ഇതിന് മുൻപ് താങ്കൾ ഈ രാജ്യത്തിൻ്റെ പേര് കേട്ടിട്ടില്ലേ..?"
"ഇല്ല".
"താങ്കൾ ആ രാജ്യത്തെ പൗരനാണോ?"
"അതെ".
"സോറി സർ, താങ്കളുടെ പാസ്പോർട്ടിന് എമിഗ്രേഷൻ നൽകുന്നതിൽ എനിക്ക് ബുദ്ധിമുട്ടുണ്ട്. താങ്കൾ അല്പം കാത്തിരിക്കൂ. എന്റെ ചീഫ് ഓഫീസേഴ്സുമായി ഞാൻ ഒന്ന് സംസാരിക്കട്ടെ, അതുവരെ താങ്കൾ ക്ഷമിക്കുക ".
"മൂന്ന് പ്രാവശ്യവും ഞാനിവിടെ നിന്ന് എ രാജ്യത്തേക്ക് പോയിട്ടുണ്ടല്ലോ, പിന്നെ ഇപ്പോൾ എന്താണ് നിങ്ങൾ ഇമിഗ്രേഷൻ നൽകാത്തത്"?
അന്റോണിയോ അൽപ്പം നീരസം കലർന്ന ശബ്ദത്തിൽ ചോദിച്ചു.
അയാൾക്ക് മറുപടി നൽകാൻ നിൽക്കാതെ, ഇമിഗ്രേഷൻ ജീവനക്കാരൻ തന്റെ ചീഫിന്റെ ഓഫീസ് റൂം ലക്ഷ്യമാക്കി നടന്നു..!
റൂമിലേക്ക് പോയ അയാളും ചീഫും റൂമിന് വെളിയിൽ വന്നു, പാസ്പോർട്ടിലേക്ക് തന്നെ

നോക്കി എന്തോ സംസാരിക്കുന്നത് ദൂരെ ഇരുന്ന് കൊണ്ട് തന്നെ അന്റോണിയോ കാണുന്നുണ്ട്..
ചീഫ് തന്റെ വാക്കിടോക്കിയിൽ കൂടി മറ്റു രണ്ട് ഇമിഗ്രേഷൻ ഓഫീസർമാരെ കൂടി വിളിച്ച് വരുത്തി..

അതിൽ ഒരാളോട് ,അന്റോണിയോയെ ഓഫീസിലേക്ക് വിളിപ്പിച്ചു.
ഹസ്തദാനത്തിനു ശേഷം ,
ചീഫ് അയാളെ റൂമിനുള്ളിലേക്ക് കൊണ്ടുപോയി.
"സർ താങ്കളുടെ പാസ്സ്പോർട്ട് വ്യാജനോ,മറ്റോ ആണെന്നാണ് ഞങ്ങൾക്ക് തോന്നുന്നത്, ഞങ്ങളുടെ ലിസ്റ്റിൽ താങ്കളുടെ രാജ്യത്തിന്റെ പേര് കാണാൻ കഴിയുന്നില്ല,"
"ദയവായി താങ്കളുടെ ടിക്കറ്റ് തരാമോ."
"പാസ്സ്പോർട്ട് പരിശോധിക്കലാണ് നിങ്ങളുടെ ജോലി. ടിക്കറ്റ് പരിശോധന താങ്കളുടെ ജോലിയല്ല. അന്റോണിയോ അൽപ്പം ക്ഷുഭിതനായി തന്നെ പറഞ്ഞു..!"
"ഓക്കെ താങ്കൾ എന്താവശ്യത്തിനാണ് ജപ്പാനിൽ വന്നിരിക്കുന്നത് എന്ന് പറയാമോ?"
ജപ്പാനിലെ ഒരു കമ്പനിയിൽ പർച്ചേസിങ്ങിനായി വന്നതാണ് ടോറഡ്മാൻ ഓഫീസർക്ക് മറുപടി നൽകി.
"ദയവായി ക്ഷമിക്കുക. താങ്കൾക്ക് ഇന്ന് സ്വദേശത്തേക്ക് മടങ്ങുവാൻ കഴിയില്ല, താങ്കളുടെ പാസ്സ്പോർട്ട് ഞങ്ങൾക്ക് സൂക്ഷ്മ പരിശോധന നടത്തേണ്ടതുണ്ട്.
അതുകൊണ്ട് താങ്കൾ ഇന്ന് ഞങ്ങൾ നൽകുന്ന റൂമിൽ വിശ്രമിക്കുക, താങ്കളിൽ നിന്നും അതിനുള്ള തുക ഞങ്ങൾ ഈടാക്കുകയില്ല.
ദയവായി സഹകരിക്കുക.
അന്റോണിയോ സമ്മതം എന്ന മട്ടിൽ അവിടെയുള്ള മറ്റ് രണ്ട് ഓഫീസർമാരോടൊപ്പം പോകാൻ ഇറങ്ങി.
സർ, താങ്കളുടെ രാജ്യം ഈ മാപ്പിൽ എവിടെയാണെന്ന് കാണിക്കാമോ ?
ഭിത്തിയിൽ തൂക്കിയിരിക്കുന്ന വേൾഡ് മാപ്പിലേക്ക് ചൂണ്ടി അന്റോണിയോടായി ചീഫ് ചോദിച്ചു,
ഒട്ടും അമാന്തിക്കാതെ തന്നെ അയാൾ ,ഫ്രാൻസിന്റെയും,സ്പെയിനിന്റെയും അതിർത്തിയോട് ചേർന്ന് കിടക്കുന്ന ഒരു സ്ഥലത്തെ മേശപ്പുറത്ത് ഇരുന്ന ഒരു മാർക്കറുകൊണ്ട് വൃത്തം വരച്ചിട്ടു..!




അയാൾ പോയതിനു ശേഷം ചീഫ് വൃത്തത്തിനുള്ള സ്ഥലം നോക്കി 'അൻഡോറ' എന്ന സ്ഥലനാമമല്ലാതെ അയാൾക്ക് അവിടെ ഒന്നും കാണാൻ കഴിഞ്ഞില്ല...!
പിന്നീട് പാസ്സ്പോർട്ട് സസൂക്ഷ്മം പരിശോധിച്ചു.
മുൻപ് ജപ്പാൻ കൂടാതെ വേറെ രണ്ട്

രാജ്യങ്ങളിൽ പോയതായുള്ള വിവരം ചീഫ് ഓഫീസർക്ക് അതിൽനിന്നും ലഭിച്ചു.
തീയതികളും, പാസ്പോർട്ടിന്റെ കാലാവധിയും പരിശോധിച്ച ചീഫ് ഒന്ന് ഞെട്ടി .എല്ലാം യാത്രകളും നിലവിലെ വർഷങ്ങളെക്കാളും വർഷങ്ങൾ കഴിഞ്ഞ് പോയതും, ഇനി വരാനുള്ള വർഷങ്ങളുമാണെന്ന് പാസ്പോർട്ടിൽ നിന്നും തിരിച്ചറിഞ്ഞു. കൂടാതെ അന്റോണിയോ പറഞ്ഞ കമ്പനിയുമായി ബന്ധപ്പെട്ടപ്പോൾ ആ പേരിൽ ഉള്ള ആളെ അറിയുകയില്ലെന്നും അവർ പറഞ്ഞു.
ഉടൻ തന്നെ ഫോണിൽ കൂടി വിളിച്ച വരുത്തിയ പൊലീസ് ഓഫീസർമാരോടൊപ്പം അയാൾ അന്റോണിയോയെ താമസിപ്പിച്ചിരിക്കുന്ന ഹോട്ടലിലേക്ക് പാഞ്ഞു, കൂടാതെ അന്റോണിയോടൊപ്പം പോയ ഓഫീസർമാരോട് അവിടെ കാവൽനിൽക്കാനും അന്റോണിയോയെ റൂമിൽ നിന്ന് പുറത്തേക്ക് ഇറങ്ങാതെ ശ്രദ്ധിക്കാനും നിർദ്ദേശം നൽകി.
പൊലീസിനോടൊപ്പം ആ ഹോട്ടലിന്റെ ഏഴാം നിലയിലുള്ള റൂമിലേക്ക് ചെന്ന ചീഫ് ഒരു ക്യാമറ വഴി നിരീക്ഷിക്കാൻ ഹോട്ടൽ മാനേജ്മെന്റിന്റെ സഹായം തേടി.
അന്റോണിയോയുടെ ഓരോ ചലനങ്ങളും ചീഫ് സസൂക്ഷ്മം അവിടെ തയ്യാറാക്കിയ ടീവിയിൽ കൂടി സസൂക്ഷ്മം ശ്രദ്ധയോടെ നോക്കിയിരുന്നു..!
രാത്രി ഭക്ഷണം അവശ്യപ്പെട്ട അന്റോണിയോയ്ക്ക് അത് അവർ നൽകി, കഴിച്ചതിനു ശേഷം ഒരു സിഗററ്റ് എടുത്ത് വലിച്ച് കൊണ്ട് ,റൂമിൽ ഉലാത്തുന്ന അയാൾ അക്ഷമനാണെന്ന് ചീഫ് മനസ്സിലാക്കി..!
കുറച്ച് സമയത്തിന് ശേഷം റൂമിലെ ലൈറ്റുകൾ ഓഫ് ചെയ്ത് കിടന്നുറങ്ങിയതിനാൽ ,ചീഫും നിരീക്ഷണം മതിയാക്കി വിശ്രമിച്ചു.
രാവിലെ അന്റോണിയോയെ വിളിക്കാൻ റൂമിന് പുറത്ത് കാവൽ നിന്ന ഓഫീസർമാരോട് ചീഫ് ആവശ്യപ്പെട്ടു.
റൂം തുറന്ന അവർക്ക് പക്ഷെ അന്റോണിയോയെ അവിടെ എങ്ങും കാണാൻ കഴിഞ്ഞില്ല . റൂം മുഴുവൻ അരിച്ച് പെറുക്കിയ അവർക്ക് അന്റോണിയോയുടെ ഒരു ബാഗ് മാത്രമാണ് ലഭിച്ചത്.
റൂം പരിശോധനയിൽ ഗ്ലാസ് വിൻഡോകൾ വഴിയോ മറ്റോ രക്ഷപ്പെടാനുള്ള സാധ്യത തീരെ കുറവാണെന്ന് ചീഫ് മനസ്സിലാക്കി. പോലീസിന്റെ സഹായത്തോടെ ഡോഗ് സ്ക്വാഡിന്റെ സഹായം തേടിയെങ്കിലും നായ അന്റോണിയോ പുതച്ച ബ്ളാങ്കറ്റിൽ നോക്കിമാത്രം കുരച്ച് കൊണ്ട് റൂമിനുള്ളിൽ തന്നെ കിടന്ന് വട്ടം കറങ്ങുകയായിരുന്നു..!
നിരാശയോടെ ബാഗ് പരിശോധിച്ച ചീഫ് പല രാജ്യങ്ങളിലെ കറൻസികളും ഫ്രഞ്ച്, ജപ്പാൻ , സ്പാനിഷ് , ഇംഗ്ലീഷ് ഭാഷകളിലെഴുതിയ ചില കുറിപ്പുകളും മാത്രമാണ് ലഭിച്ചത്..!
അതിൽനിന്നും ഒന്നിൽ കൂടുതൽ ഭാഷകൾ അയാൾക്ക് സ്വായത്തമാണെന്ന് ചീഫ് മനസ്സിലാക്കി..!
ക്യാമറ ഫൂട്ടേജുകളിൽ അർദ്ധരാത്രി പുതപ്പിനുള്ളിൽ ശക്തമായ ഒരു വെളിച്ചം വന്നതിനു ശേഷം നിമിഷ നേരം കൊണ്ട് അവിടം ഇരുട്ടാകുന്നതും ചീഫ് കണ്ടു.
കുറെയേറെ തിരച്ചിലുകളും വിശദീകരണങ്ങളും ഈ സംഭവത്തിന് ശേഷം പിന്നീട് നടന്നുവെങ്കിലം ഒന്നിനും ഉത്തരം കിട്ടാത്തതിനാൽ എയർട്ട് പോർട്ട് ഇമിഗ്രേഷൻ ഓഫീസും പൊലീസും ഫയലുകൾ മടക്കി!
ഇന്നും ചുരുളഴിയാത്ത ഒരു രഹസ്യമായി 'ദി മാൻ ഫ്രം ടോറഡ് ' നിലകൊള്ളുന്നു..!
കുറെക്കാലത്തിനു ശേഷം വിരമിച്ച ആ ചീഫ് ഓഫീസർ തന്റെ സുഹൃത്തും, പാരലൽ

വേൾഡിനെ കുറിച്ച് പഠനം നടത്തുന്ന ഒരു ഗവേഷകനുമായ, പോൾബെഗ് എന്ന ആളോടായി ഇതിനെ കുറിച്ചാരാഞ്ഞു.
ഈ വിവരങ്ങൾ ബെഗ് തന്റെ പുതിയ നിരീക്ഷണ പഠന പുസ്തകത്തിൽ 'മിസ്റ്റി ആൻഡ് ബിസയർ പീപ്പ്ൾ ' എന്ന പേരിൽ എഴുതി വെച്ചു.
1981 ലാണ് പിന്നീട് ഈ സംഭവങ്ങൾ പുറത്തറിയുന്നത്.
അതിനു ശേഷം പലരും രണ്ട് ചേരിയിൽ നിന്നുകൊണ്ട് വിശദീകരണങ്ങളുമായി ഇന്നും തർക്കത്തിലേർപ്പെടുന്നുണ്ട്.
ഒരു പക്ഷെ അന്റോണിയോ ഒരു ടൈം ട്രാവലർ ആയിരുന്നോ? നമ്മുടെ ലോകത്തിന് സമാനമായി മറ്റൊരു പാരലൽ വേൾഡുണ്ടോ?
വിശദീകരണങ്ങൾ ശാസ്ത്രലോകം തന്നെ നൽകുമെന്ന് വിശ്വസിക്കാം..!

(സമാപ്തം)

..............................................................................................................................................................................................................

(ഈ സംഭവത്തെ അടിസ്ഥാനപ്പെടുത്തി 2015 ൽ ഒരു ചിത്രവും ഇറങ്ങിയിട്ടുണ്ട്, സേത്ത് ലൂക്കിന്റെ രചനയിൽ, നിക്ക് ക്രീസ്സെഡിൻ സംവിധാനം ചെയ്ത 'ദി മാൻ ഫ്രം ടോറഡ്' എന്നാണ് ആ ചിത്രത്തിന്റെ പേര്)

ജാഷിദ (8 ബി)

## ഡെത്ത് അഡ്ഡെർ:[Death Adder]

ദേ.. ഇവനാണ് അവൻ മനസ്സിലായോ? പലരും പലവട്ടം ചോദിച്ചിട്ടുണ്ട് കരയിലെ ഏറ്റവും കൂടിയ വിഷമുള്ള പാമ്പ് ഏതാണെന്ന് . അതിന്റെ ഉത്തരമാണ് 'ഡെത്ത് അഡ്ഡെർ'. നമുക്കൊന്ന് പരിചയപ്പെടാം ഈ അപകടകാരിയെ . സ്വദേശം ആസ്ത്രേലിയ . തടിച്ചുരുണ്ട ശരീരം, ചാര നിറത്തിൽ കടുവയുടെ




വരപോലെ തോന്നിപ്പിക്കുന്ന വരകൾ , അണലിയുടേതിന് സമാനമായ ത്രികോണാകൃതിയിലുള്ള തല , തല മുതൽ വാല് വരെ ശരീരത്തിന് ഒരേ വലിപ്പമാണ്, വാല് എലികളുടെ വാലുകൾക്ക് സമാനമാണ്. രണ്ട് അടി മുതൽ മൂന്നടി വരെ മാത്രമാണ് നീളം. ചെറുതാണെന്ന് വെച്ച് ആളെ അത്ര ചെറുതാക്കേണ്ട . ഇത്ര ചെറിയ പാമ്പിന് ഇത്ര വലിയ വിഷമോ ? പലർക്കും സംശയമാകും ചിലർ പറയും ഇൻലൻറ് തയ്പാൻ ആണ് വിഷപ്പട്ടികയിൽ ഒന്നാമൻ എന്ന് . അതല്ല ടൈഗർ സ്നേക് ആണെന്നും, ബ്ലാക്ക് മാംബ ആണെന്നുമൊക്കെ പറയാറുണ്ടെങ്കിലും ഡെത്ത് അഡ്ഡറിനെ കവച്ച് വെക്കാൻ ആവില്ല കരയിലെ ഒരു പാമ്പിനും . കാഴ്ച്ചയിൽ ടൈഗർ സ്നേക്കുമായി നല്ല സാമ്യമുണ്ട് . ചിലർക്ക് രണ്ടാളെയും മാറിപ്പോകാറുമുണ്ട് . Neurotoxin ആണ് വിഷം. ഒറ്റക്കൊത്തിന് 150 ഓളം ആരോഗ്യമുള്ള മനുഷ്യരെ ഈസിയായി കൊല്ലാൻ കഴിയുന്ന മാരക വിഷം. അണലിയുടെ ജീവിത രീതിയുമായി ബന്ധമുണ്ടിവക്ക് . അണലിയെപ്പോലെ വേദനാജനകമായ കടിയേൽപ്പിക്കുന്നു. കടിയേറ്റ ഭാഗം ശക്തമായ കടച്ചിലനുഭവപ്പെടും, കടിയേറ്റ ഭാഗം നീര് വന്ന് വീർക്കും, വളരെ പെട്ടെന്ന് തന്നെ കടിയേറ്റ സ്ഥലം നീല നിറം ആകും. പ്രസവിക്കുന്ന ഇനമാണ് ഡെത്ത് അഡ്ഡർ . തണുപ്പ് കാലത്താണ് ഇണചേരൽ . 20 ഓളം കുഞ്ഞുങ്ങളെ പ്രസവിക്കുന്നു. പ്രസവിച്ചയുടനെ കുഞ്ഞുങ്ങൾക്ക് ഇളം മഞ്ഞ നിറത്തിൽ ബ്രൗൺ വരയാണ് ഉണ്ടാകുക പിന്നീട് പ്രായം കൂടുന്നതിനനുസരിച്ച് നിറം ഇരുണ്ട് വരുന്നു . അണ്ണാൻ, തവള , ചെറു പക്ഷികൾ എന്നിവയൊക്കെയാണ് ഭക്ഷണം . ഇഷ്ടഭക്ഷണം എലിയാണ് . ഇംഗ്ലീഷിൽ S എന്ന് എഴുതിയ പോലെ എപ്പോഴും ചുരുണ്ട് കൂടിയിരിക്കാനാണ് മൂപ്പർക്കിഷ്ടം . കണ്ണിന് മുകളിൽ ചെറിയ ഭിത്തിയുണ്ട് . അതിനാൽ ആരേയും ഭയപ്പെടുത്തുന്ന തുറിച്ച് നോക്കുന്ന മുഖഭാവമാണ് പാമ്പുകളിലെ ഈ രാജാവിന്. കടിയേറ്റാൽ ആശുപത്രിയിൽ കൊണ്ടു പോവുന്നത് അപൂർവമാണ്. കൊണ്ടു പോയാലും കടിയേറ്റയാൾ രക്ഷപ്പെടാൻ സാധ്യത കുറവാണ്.

കടപ്പാട്: wikipedia

സമ്പാദനം: ഐശ്വര്യ കെ ജെ (8 എ)

## ചിത്രങ്ങൾ









ഉവൈസ് (9 എ)

## നറുങ്ങുകൾ – ചിത്രങ്ങളിലൂടെ

**സമ്പാദനം : ഫസലുറഹിമാൻ**









ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച സൂപ്പർസോണിക് ബ്രഹ്മോസ് മിസൈൽ



F
SPACE IS
COMPLETELY SILENT.
Sound waves need a medium to travel through. Since there is no atmosphere in space, space will always be silent.


GK&CA
ഏഷ്യയിലെ ആദ്യത്തെ ആയുർവേദ സ്പോർട്സ് ആശുപത്രി
കേരള ഇൻസ്റ്റിറ്റിയൂട്ട് ഓഫ് സ്പോർട്സ് ആയുർവേദ ആന്റ് റിസർച്ച്



F
SPACE IS
COMPLETELY SILENT.
Sound waves need a medium to travel through. Since there is no atmosphere in space, space will always be silent.


Did you know?
Like 'Astrogeekz' for more
Antimatter rockets are the future of space travel. These rockets would be so efficient that just 10 grams of antihydrogen would be needed to send a manned mission to Mars in just one month.



The Sun maybe older than the Earth,
but the Water we drink is older than
the Sun and entire Solar System.



The element Selenium conducts
electricity only when a light is shined
on it. In the dark, it is an insulator.
World's Amazing Factz


WTF fun fact #5075
Approximately 107 billion people are believed to have lived on earth, and an estimated 40% died before the age of 1.
wtffunfact.com


RAISE YOUR BRAIN.com
The lung on the left side is smaller in size than the right one in order to fit the heart.


GK&CA
ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ
റെയിൽ–റോഡ് പാലം
ബോഗിബിൽ പാലം
ബ്രഹ്മപുത്ര നദിയിൽ സ്ഥിതി ചെയ്യുന്ന
നീളം - 4.94 Km



95% of the ocean
and 99.99% of space
is undiscovered.
You can't tell me
mermaids and aliens
don't exist.
Science Discussion



Neil Harbisson is the world's first cyborg artist. He has an antenna implanted in his skull that allows him to hear color and see sound. He can also connect to nearby devices, Bluetooth, and the Internet.



ISS അമേരിക്ക മറ്റു രാജ്യങ്ങളുമായി ചേർന്ന് പ്രവർത്തിപ്പിക്കുന്ന ബഹിരാകാശ നിലയം



In April 2029, an asteroid more than 1,000 feet wide will pass by Earth closer than the moon and will easily be observed with the naked eye
WAF
World's Amazing Factz


Rudolf Diesel, who invented the Diesel engine, committed suicide in 1913 because he didn't think his invention would be successful.


If WWIII happens, it'll be a nuclear war and will result in killing 80% of world's population within few hours. Rest of 20% will die in few days due to radiation and famine. Eventually there'll be no life left on earth.


A British girl named Olivia Farnsworth is the only known case of Chromosome 6 deletion. She does not feel hunger, pain, or the need to sleep. In 2016, she was hit by car but felt no pain and had minor iniuries.Her doctors have nicknamed her 'Bionic girl'.
World's Amazing Factz


DID YOU KNOW ?
DURING PREGNANCY, IF THE MOTHER'S SUFFERS ORGAN DAMAGE, THE BABY IN THE WOMB SENDS STEM CELLS TO REPAIR THE DAMAGED ORGAN.


World's Amazing Factz
Uruguay's Laguna Garzon Bridge splits into a circle so drivers can slow down and enjoy the view. It also prevents head-on collisions and creates a walkway for pedestrians.


INDIA IS RANKED
SECOND FOR THE HIGHEST
NUMBER OF ENGLISH SPEAKING
PEOPLE IN THE WORLD.
www.ELITECOLUMN.com

## BEST ACHIEVEMENT FOR THE YEAR 2018









## നന്ദി

ഈ മാഗസിന് വേണ്ട വിഭവങ്ങൾ തന്നവർക്ക്,

മാർഗ നിർദ്ദേശങ്ങൾ തന്നവർക്ക്,

മറ്റ് വിധത്തിൽ സഹായിച്ച അധ്യാപകർക്ക്,

അവസരം ഒരുക്കിത്തന്ന പ്രധാനാധ്യാപികക്ക്

ലിറ്റിൽ കൈറ്റ്സ് പാലപ്പെട്ടിയുടെ നന്ദി.